നം. ICDS A6-18067/18

വനിത ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
e-mail: swdicds@gmail.com
തീയതി: 26.07.2018
ഫോൺ 0471-2346508

*വനിത ശിശു വികസന ഡയറക്ടർ.*

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും.

സർ,

വിഷയം: വനിത ശിശു വികസന വകുപ്പ് - സൈക്കോ സോഷ്യൽ പദ്ധതി സ്കൂൾ കൗൺസിലർമാർക്ക് യാത്രാ ബത്ത, ഉത്സവ ബത്ത എന്നിവ അനുവദിച്ചതിലെ അപാകത പരിഹരിക്കുന്നത് - സംബന്ധിച്ച്.

സൂചന:
1) 23.8.2014 ലെ സ.ഉ (സാധാ) 540/2014/സാ.നീ.വ
2) 18.08.2017 ലെ സ.ഉ (അച്ചടി) നം. 107/2017/ധന.
3) ഈ കാര്യാലയത്തിലെ 27.6.2018 ലെയും 6.7.2018 ലെയും ICDS/A6-7116/18 നം. ഉത്തരവുകൾ.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1)പ്രകാരം സ്കൂൾ കൗൺസിലർമാർക്ക് സ്ഥിരം യാത്രാ ബത്തയാക്കി 1500/- (ആയിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപയും സൂചന (2) പ്രകാരം പ്രത്യേക ഉത്സവബത്ത 1140/-(ആയിരത്തി ഒരുന്നൂറ്റി നാല്പത് രൂപ മാത്രം) രൂപ നിരക്കിൽ അനുവദിക്കുവാനും ഉത്തരവായിട്ടുണ്ട്. എന്നാൽ പ്രോഗ്രാം ഓഫീസർമാരിൽ നിന്നും ലഭ്യമായ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ സൂചന (3) പ്രകാരം അനുവദിച്ച ഉത്സവബത്ത, യാത്രാബത്ത എന്നിവയുടെ നിരക്കുകളിൽ അപാകത ഉണ്ടെന്ന് കണ്ടെത്തിയിരിക്കുന്നു.

മേൽ സാഹചര്യത്തിൽ യഥാകാലം പ്രാബല്യത്തിലുള്ള സർക്കാർ ഉത്തരവുകൾ പരിശോധിച്ച് മാത്രം യാത്രാ ബത്തയും ഉത്സവബത്തയും അനുവദിച്ച് നൽകുവാൻ പത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഏതെങ്കിലും പ്രോജക്ടിൽ സ്കൂൾ കൗൺസിലർമാർക്ക് അധികമായി തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് ടിയാളുകളിൽ നിന്നും തിരികെ ഈടാക്കുന്നതിനോ, തുടർന്ന് അനുവദിക്കുന്ന തുകയിൽ നിന്നും കുറവ് ചെയ്യുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

SK/GB